STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.225/PR/SPMC/PHQ/2022 Date: 31.10.2022

# ഡി.ജി.പി സുദേഷ് കുമാറിന് കേരള പോലീസ് യാത്രയയപ്പ് നൽകി

ഇന്ന് സർവ്വീസിൽ നിന്ന് വിരമിക്കുന്ന ഡി.ജി.പി സുദേഷ് കുമാറിന് കേരളാ പോലീസ് യാത്രയയപ്പ് നൽകി.

തിരുവനന്തപുരം എസ്.എ.പി പരേഡ് ഗ്രൗണ്ടിൽ നടന്ന യാത്രയയപ്പ് പരേഡിൽ അദ്ദേഹം സേനയുടെ അഭിവാദ്യം സ്വീകരിച്ചു. 1987 ബാച്ചിലെ ഐ.പി.എസ് ഉദ്യോഗസ്ഥനായ സുദേഷ് കുമാർ 35 വർഷത്തെ സേവനത്തിനിടെയുള്ള വിവിധ പോലീസ് യൂണിറ്റുകളിലെ അനുഭവങ്ങൾ തന്റെ പ്രസംഗത്തിൽ സ്മരിച്ചു. മുതിർന്ന പോലീസ് ഉദ്യോഗസ്ഥരും ജയിൽ ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുത്തു.

രാവിലെ നടന്ന പരേഡിൽ സേനാംഗങ്ങൾ ആറ് പ്ലട്ടൂണുകളിലായി അണിനിരന്നു. കേരളാ ആംഡ് പോലീസ് മൂന്നാം ബറ്റാലിയൻ ഡെപ്യൂട്ടി കമാണ്ടന്റ് അജി ചാൾസ് പരേഡിനെ നയിച്ചു. കേരളാ ആംഡ് പോലീസ് മൂന്നാം ബറ്റാലിയൻ അസിസ്റ്റന്റ് കമാണ്ടന്റ് ഷിയാസ്.എസ് ആയിരുന്നു സെക്കന്റ് ഇൻ കമാൻഡർ. സ്റ്റേറ്റ് പോലീസ് മീഡിയ സെൻററിൻെറ ഫെയ്സ് ബുക്ക് പേജിൽ പരിപാടി തത്സമയം സംപ്രേഷണം ചെയ്തിരുന്നു.

<u>ഫോട്ടോ ക്യാപ്ഷൻ:</u> വിരമിക്കുന്ന ഡി.ജി.പി സുദേഷ് കുമാറിന് പേരൂർക്കട എസ്.എ.പി പരേഡ് ഗ്രൗണ്ടിൽ പോലീസ് നൽകിയ വിടവാങ്ങൽ പരേഡിലെ ദൃശ്യങ്ങൾ

***************************